# റിപ്പബ്ലിക്ക് ദിനാഘോഷം നടത്തി



രാജ്യത്തിന്റെ 71-ാമത് റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് 26.01.2020 തിയതി രാവിലെ 9.00 മണിയ്ക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസ് പരിസരത്ത് നടന്ന റിപ്പബ്ലിക്ക് ദിനാഘോഷത്തിൽ

റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS സല്യൂട്ട് സ്വീകരിച്ച് ദേശീയ പതാക ഉയർത്തി.

അഡീഷണൽ എസ്.പി എം.ജെ.സോജൻ, ഡി.വൈ.എസ്.പി മാരായ ആർ.റാഫി, കെ.എം.ജിജിമോൻ, പി. റെജി അബ്രഹാം, എം.ആർ.മധുബാബു, ജി.വേണു, കെ.ബിജുമോൻ, കെ.അനിൽ കുമാർ, റൂറൽ ജില്ലയിലെ പേലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ മാർ എന്നിവർ ഉൾപ്പെടെ 250 ഓളം പോലീസ് ഉദ്യോഗസ്ഥരും, ജില്ലാ പോലീസ് ഓഫീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫും ചടങ്ങിൽ സംബന്ധിച്ചു. പോലീസ് സേനാംഗങ്ങൾ ഓരോ കാര്യത്തിലും ഇടപെടുമ്പോൾ പൗരൻമാർക്ക് സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതിയും, തുല്യത, സ്വാതന്ത്രം, സാഹോദര്യം എന്നീ ഭരണഘടന നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നത് ഉറപ്പ് വരുത്തണമെന്ന് റിപ്പബ്ലിക്ക് ദിന സന്ദേശത്തിൽ ജില്ലാ പോലീസ് മേധാവി സേനാംഗങ്ങളെ ഓർമിപ്പിച്ചു.

കളമശ്ശേരിയിലെ ജില്ലാ ഹെഡ് ക്വാർട്ടർ സബ്ബ് ഇൻസ്പെക്ടർ കെ.കെ.അലി ആയിരുന്നു റിപ്പബ്ലിക്ക് ദിന പരേഡ് കമാന്റർ.